ചീഫ് എഞ്ചിനീയറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ലിക് ആഫീസ് ബിൽഡിംഗ്
തിരുവനന്തപുരം - 33

Phone : 0471 - 2324951
0471 - 2325071
Tele FAX : 0471 - 2324951
e-mail : celsgd@gmail.com
website : www.celsgd.kerala.gov.in

**നം. എ4-11212/2019/സിഇ/തസ്വഭവ** **തീയതി : 21/10/2019**

# സർക്കുലർ

വിഷയം : തസ്വഭവ - സാങ്കേതിക വിഭാഗം - ഫയൽ തീർപ്പാക്കൽ തീവ്രയത്ന പരിപാടി 2019 - തീർപ്പാക്കാൻ അവശേഷിക്കുന്ന ഫയലുകളിൻമേലുള്ള റിപ്പോർട്ട് - സംബന്ധിച്ച്

സൂചന :
1) ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.ആർ 14) വകുപ്പിന്റെ 23.07.2019 തീയതിയിലെ എ.ആർ 14-2/90/2019/ഉ.ഭ.പ.വ നമ്പർ സർക്കുലർ
2) ഈ കാര്യാലയത്തിലെ 05.08.2019 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്.
3) 05.08.2019 ലെ എ4-11212/19/സിഇ/തസ്വഭവ (1) നമ്പർ സർക്കുലർ.
4) ഈ കാര്യാലയത്തിലെ 05.09.2019, 24.09.2019, 25.09.219, 03.10.2019, 17.10.2019 എന്നീ തീയതികളിലെ ഇതേ നമ്പർ സർക്കുലറുകൾ

ബഹു. മുഖ്യമന്ത്രിയുടെ ഫയൽ തീർപ്പാക്കൽ തീവ്രയത്ന പരിപാടിയുമായി ബന്ധപ്പെട്ട് ഈ കാര്യാലയത്തിൽ അഞ്ച് ഘട്ടങ്ങളിലായി ഫയൽ അദാലത്തുകൾ സംഘടിപ്പിച്ചിരുന്നു. വിവിധ ജില്ലാ / മേഖലാ നോഡൽ ഓഫീസർമാർ ടി അദാലത്തുകളിൽ, ഈ കാര്യാലയത്തിൽ തീർപ്പുകൽപ്പിക്കേണ്ട വിവിധ പെൻഡിംഗ് ഫയലുകളിൻമേൽ വേണ്ടത്ര പ്രാധാന്യം കൽപ്പിക്കാതെ പല റിപ്പോർട്ടുകളും അകാരണമായി വൈകിപ്പിക്കുന്നതായി ബോധ്യപ്പെട്ടിട്ടുണ്ട്.

വകുപ്പ് മേധാവിയുടെ കാര്യാലയത്തിലെ മുഴുവൻ പെൻഡിംഗ് ഫയലുകളും ഒക്ടോബർ 31-നകം തീർപ്പുകൽപ്പിക്കേണ്ടതുള്ളതിനാൽ, ഈ കാര്യാലയത്തിൽ സംഘടിപ്പിച്ച അദാലത്തുകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഫയലുകളിൻമേലുള്ള സുവ്യക്തമായ റിപ്പോർട്ടുകൾ സഹിതം **ഒക്ടോബർ മാസം 25, 26, 28** എന്നീ തീയതികളിലൊന്നിൽ ജില്ലാ / മേഖലാ നോഡൽ ഓഫീസർമാർ ഈ കാര്യാലയത്തിൽ ഹാജരാകേണ്ടതാണ്.

ടി വിഷയത്തിന്റെ അടിയന്തിര പ്രാധാന്യം കണക്കിലെടുത്ത് നിർദ്ദിഷ്ട സമയപരിധിയ്ക്കുള്ളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഫയലുകളിൻമേലുള്ള റിപ്പോർട്ടുകൾ സമർപ്പിക്കാത്ത നോഡൽ ഓഫീസർമാർക്കെതിരെ ഗൗരവമായ അച്ചടക്ക നടപടികൾക്ക് സർക്കാരിൽ ശുപാർശ ചെയ്യുന്നതാണ്.

ചീഫ് എഞ്ചിനീയർ

P 1118